സാധിക്കുകയും ചെയ്യും. കൂടാതെ മഴക്കാലത്ത് ലഭ്യമാകുന്ന അധികജലം സംഭരിച്ച് ജലലഭ്യത കുറഞ്ഞ സമയങ്ങളിൽ കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും ലഭ്യമാക്കുക, ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക, ഭൂഗർഭജലവിതാനം നിലനിർത്തുക, പാരിസ്ഥിതിക ധർമ്മങ്ങൾക്കായുള്ള ജലം ലഭ്യമാക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ.

(സി) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി 354 കുളങ്ങൾ നവീകരിക്കുന്നതിനായി 72.75 കോടി രൂപയുടെ ഭരണാനുമതി നൽകി. ഇതിൽ 194 കുളങ്ങൾ പൂർത്തിയായി. ബാക്കിയുള്ളവയുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

**ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി**

145(845) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി വിജയിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നവീകരണം പൂർത്തിയാക്കിയതും, പൂർത്തിയാക്കാനുള്ളതും, പണി തുടങ്ങാത്തതുമായ കുളങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം അറിയിക്കുമോ;

(സി) ഈ പദ്ധതിക്ക് ആകെ എത്ര തുകയാണ് കണക്കാക്കിയതെന്നും ഇതിൽ എത്ര തുക ചെലവഴിച്ചെന്നും, ബാക്കി തുക ചെലവാക്കാതിരിക്കാനുണ്ടായ കാരണമെന്തെന്നും വിശദമാക്കുമോ;

(ഡി) പദ്ധതി പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഇ) പെരുമ്നാവൂർ മണ്ഡലത്തിൽ പൂർത്തിയാക്കിയതും, പൂർത്തിയാക്കാനുള്ളതും, പണി തുടങ്ങാത്തതുമായ കുളങ്ങളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജില്ല തിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഈ പദ്ധതി പ്രകാരം 354 കുളങ്ങൾ നവീകരിക്കുന്നതിന് 72.75 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. ഇതുവരെയായി 22,14,43,786 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇനിയും നവീകരിക്കാനുള്ള കുളങ്ങളുടെ പ്രവൃത്തികൾ പൂർത്തിയാക്കേണ്ടതുണ്ട്. പൂർത്തിയാക്കുന്നതിനനുസരിച്ച് തുക ചെലവാകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

(ഇ) പെരുമ്പാവൂർ മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ അംഗീകാരം ലഭിച്ച ഇരുപ്പുടി പഞ്ചായത്തിലെ പടിക്ക കുളപ്പാറ രംഗിതച്ചിറ പൂർത്തിയാക്കി.

**തടയണ നിർമ്മാണ പദ്ധതി**

146(846) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എ. ടി. ജോർജ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് തടയണകൾ നിർമ്മിക്കാൻ കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തൊക്കെ ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്. വിവിധ പദ്ധതികളിലായി ചെക്ക് ഡാമുകൾ നിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) നദികളുടെയും മറ്റ് പ്രധാന നീർച്ചാലുകളിലെയും നീരൊഴുക്ക് സ്ഥായിയാക്കുക, കാലവർഷ സമയത്ത് ലഭിക്കുന്ന അധികജലം തടഞ്ഞുനിർത്തി സമീപ പ്രദേശത്തെ ഭൂജലവിതരണം താഴാതെ നിർത്തുക, കാർഷികാവശ്യങ്ങൾക്ക് ആവശ്യമായ ജലം ലഭ്യമാക്കുക, മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക, പാരിസ്ഥിതിക ധർമ്മങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നിവയാണ് ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(സി) 431 തടയണകളുടെ നിർമ്മാണത്തിനായി 689 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly